(ബി) പ്രസ്തുത പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിനെതിരെ അതിൽ 80-ാം നമ്പരുകാരനായ ശ്രീ. ബിജുകുമാർ (സ്പോർട്സ് നിയമനം) ടിയാനെ സീരിയൽ നമ്പർ 53-നും 54-നും മദ്ധ്യേ ആയി നിശ്ചയിക്കണമെന്ന് പരാതി നൽകിയിട്ടുണ്ട്.

(സി) മറുപടി നൽകിയിട്ടില്ല. ശ്രീ. ബിജുകുമാർ (സ്പോർട്സ് നിയമനം) നൽകിയ ഒ. പി. നിലവിലുള്ളതിനാൽ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിലെ സീരിയൽ നമ്പർ 51 മുതലുള്ള അസിസ്റ്റന്റ് കമാൻഡന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് ഫൈനലൈസ് ചെയ്തിട്ടില്ല. ടി ലിസ്റ്റ് ഫൈനലൈസ് ചെയ്യുന്ന അവസരത്തിൽ പ്രസ്തുത പരാതി പരിശോധിച്ച് മറുപടി നൽകുന്നതാണ്.

(ഡി) ഇല്ല. 18-10-2002-ൽ പ്രസിദ്ധീകരിച്ച പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ 92 പേരുണ്ട്. ഇതിൽ സീരിയൽ നമ്പർ 50-നു ശേഷമുള്ള സീനിയോറിറ്റിയിലാണ് പരാതി വന്നിട്ടുള്ളത്. ടി ലിസ്റ്റിലെ 1 മുതൽ 50 വരെയുള്ള അസിസ്റ്റന്റ് കമാൻഡന്റുമാരുടെ സീനിയോറിറ്റിയാണ് 24-6-2004-ലെ സർക്കാർ ഉത്തരവ് ജി. ഒ. (പി) 225/04/ആഭ്യന്തരം പ്രകാരം ഫൈനലൈസ് ചെയ്തിട്ടുള്ളത്. കോപ്പി അടക്കം ചെയ്തിട്ടുണ്ട്.†

(ഇ) സീനിയോറിറ്റി ലിസ്റ്റ് ഫൈനലൈസ് ചെയ്യുന്ന അവസരത്തിൽ പ്രസ്തുത പരാതി പരിശോധിച്ച് മറുപടി നൽകുന്നതാണ്.

ഗുരുവായൂർ ഫയർ സ്റ്റേഷൻ, പോലീസ് സർക്കിൾ ഓഫീസ് എന്നിവയ്ക്ക് കെട്ടിടം പണിചെയ്യാൻ നടപടി

96 [1633] *ശ്രീ. പി. കെ. കെ. ബാവ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ഫയർ സ്റ്റേഷൻ, പോലീസ് സർക്കിൾ ഓഫീസ് എന്നിവയ്ക്ക് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) ഇതിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ഗുരുവായൂർ ഫയർ സ്റ്റേഷനുവേണ്ടി സർക്കാർ ഭൂമി ലഭ്യമല്ലാത്തതിനാൽ ഒരു സ്വകാര്യ വ്യക്തി അവരുടെ സ്ഥലം നൽകാമെന്ന സമ്മതത്തിൻമേൽ നെഗോഷ്യബിൾ പർച്ചേസ് നടത്തുന്നതു സംബന്ധിച്ച ഒരു ശുപാർശ പരിശോധിച്ചുവരികയാണ്. പ്രസ്തുത സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ ഗുരുവായൂർ പോലീസ് സർക്കിൾ ഓഫീസിനുവേണ്ടി സ്ഥലം ലഭ്യമല്ലാത്തതിനാൽ ഇതു സംബന്ധിച്ച ശുപാർശയൊന്നും പരിഗണനയിലില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly